**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം- 695001**

**പത്രക്കുറിപ്പ്**

**കീം-2021**

**കേരളത്തിലെ സ്വകാര്യ സ്വാശ്രയ ആയുർവേദ, സിദ്ധ, യുനാനി കോളേജുകളിലേക്കുള്ള പ്രവേശനം-2021 പുതുതായി അപേക്ഷ സമർപ്പിക്കുന്നതിനും ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുമുള്ള അവസരം**

2021-22 അധ്യയന വർഷത്തെ സ്വകാര്യ സ്വാശ്രയ ആയുർവേദ , സിദ്ധ, യുനാനി മെഡിക്കൽ കോളേജുകളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് പുതുതായി അപേക്ഷകൾ ക്ഷണിക്കുന്നു. മേൽപ്പറഞ്ഞ കോഴ്സുകളിലേക്ക് പ്രവേശനം ആഗ്രഹിക്കുന്ന നാഷണൽ എലിജിബിലിറ്റി കം എൻട്രൻസ് ടെസ്റ്റ് (NEET UG 2021) പ്രകാരം യോഗ്യരായ വിദ്യാർത്ഥികൾക്ക് താത്പര്യമുള്ള പക്ഷം പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന **2022 മെയ് 12 മുതൽ മെയ് 14 രാവിലെ 10.00 മണിവരെ** ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. അപേക്ഷയോടൊപ്പം തന്നെ ഓൺലൈനായി ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം **2022 മെയ് 12 മുതൽ മെയ് 14 രാവിലെ 10.00 മണിവരെ** ലഭ്യമാകുന്നതാണ്.

കീം 2021 ലേക്ക് നേരത്തെ അപേക്ഷ സമർപ്പിക്കുകയും ആയൂർവേദ, സിദ്ധ, യുനാനി കോഴ്സുകളിലേക്കുള്ള **'ലിസ്റ്റ് ഓഫ് എലിജിബിൾ കാൻഡിഡേറ്റ്സ്' ൽ** ഉൾപ്പെട്ടിട്ടുള്ളവരുമായ വിദ്യാർത്ഥികൾ ഈ ഒഴിവുകളിലേക്ക് പരിഗണിക്കപ്പെടണമെന്ന് താത്പര്യമുള്ള പക്ഷം അവരവരുടെ **'കീം 2021- കാൻഡിഡേറ്റ് പോർട്ടൽ'** വഴി ഈ ഒഴിവുകളിലേക്ക് ഓപ്ഷൻ നൽകിയാൽ മാത്രം മതിയാകും. ഇവർ പുതുതായി അപേക്ഷ സമർപ്പിക്കേണ്ടതില്ല. 2022 മെയ് 12 മുതൽ മെയ് 14 രാവിലെ 10.00 മണിവരെ ലഭ്യമാകുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ **14.05.2022 വൈകുന്നേരം** അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്.

വിശദമായ വിജ്ഞാപനം പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ ലഭ്യമാണ്.

**ഹെൽപ് ലൈൻ നമ്പർ : 0471 2525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.05.12 22:13:02 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
12/05/2022